ക്ഷകക്ക് പ്രഥമഗണനകൊടുക്കുകയും ബാക്കിയുള്ള സ്ഥാനങ്ങൾ കഴിവുള്ളി ടത്തോളം പ്രാദേശികവും സാമുദായികവുമായ പ്രാതിനിദ്ധ്യംകൂടി നൽകത്തക്കവിധത്തിൽ ഇതരസഹകരണസംഘങ്ങളിൽനിന്നുള്ള അപേ ക്ഷകർക്കു നൽകുകയും ചെയ്യു.

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും.

* 1004. [32] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ വരുമാനത്തിന്റെ തോതിലുള്ള വർദ്ധനവനുസരിച്ച് കുറെ എണ്ണത്തെ മുനിസിപ്പാലിറ്റിക ളാക്കി മാറ്റുവാനുള്ള ഒരു തീരുമാനം ഗവണ്മെന്റു കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനം കൊണ്ടുള്ള പ്രത്യേക പരി ഗണനകൾ എന്തെല്ലാം ;

(സി) പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നുള്ളതു ഗവണ്മെന്റു നയമായി അംഗീകരിക്കു ന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പ്രസക്തി എന്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ. ബി. സി. ഡി.) ഈ പ്രശ്നത്തെപ്പറ്റി ഗവണ്മെന്റ് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്.

വിചാരണയിലിരിക്കുന്ന തടവുകാർ.

* 1005. [35] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണു ന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ)- സംസ്ഥാനത്തെ വിവിധ ലാക്കപ്പുകളിലും, സബ് ജയിലു കളിലും ഒരു വർഷത്തിനുമേലായി പാർപ്പിച്ചിരിക്കുന്ന, വിചാരണയിലി രിക്കുന്ന തടവുകാരുടെ ആകെ എണ്ണമെത്ര ;

(ബി) ഇപ്പോൾ മേൽപ്പറഞ്ഞ രീതിയിൽ കിടക്കുന്ന തടവു കാരിൽ, ഏറ്റവും കൂടുതൽ കാലമായി കിടക്കുന്ന ആൾ ആരാണ്. ഏതു ലാക്കപ്പിൽ (അല്ലെങ്കിൽ സബ്ജയിലിൽ) എത്ര നാളായി ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ ജെ. ജാൺ):

(എ) അൻപത്തഞ്ചു് (55)

(ബി) വി. കെ. അപ്പുക്കുട്ടൻ നായർ, തിരുവനന്തപുരം സബ് ജയിലിൽ, മൂന്നു വർഷമായി കിടക്കുന്നു.

ആയുർവ്വേദകാളേജിലെ നിയമനം.

* 1006. [36] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് റിക്രൂട്ടുമെന്റ് മാന്വലിൽ ആയുർവ്വേദ കാളേ ജിലെ അദ്ധ്യാപകനു് ഉണ്ടായിരിക്കണമെന്നു പറയുന്ന യോഗ്യത എന്താണു് ; അതനുസരിച്ചാണോ ആയുർവ്വേദകാളേജിൽ നിയമനവും, പ്രമോഷനും നടത്തിയിട്ടുള്ളതു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) യോഗ്യതയുള്ളവരെ അവഗണിച്ച് കുറഞ്ഞ യോഗ്യത യുള്ളവരെ ആയുർവ്വേദകോളേജിൽ നിയമിച്ചതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ആയുർവ്വേദാചാര്യ ഫയർ മെഡിക്കൽ സർട്ടിഫിക്കറ്റ് (നിർത്തലാക്കിയതു) വൈദ്യകലാനിധി, ഉപാദ്ധ്യായ, മഹോപാദ്ധ്യായ എന്നിവയാണ് പണ്ഡിറ്റിനു് സർവ്വീസ് റിക്രൂട്ടുമെന്റു മാനുവലിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ. അസിസ്റ്റന്റു പണ്ഡിറ്റിനു് ആയുർവ്വേദാചാര്യ, വൈദ്യകലാനിധി (With distinction) എന്നിവയാണു നിർദ്ദേശിച്ചിട്ടുള്ളതു;

(ബി) ഉണ്ടു്.

(സി) അതു് ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

விவசாய வருமான வரி

* 1007. [37] ஸ்ரீ. டி. எஸ். ராமசுவாமி: கீழ்க்காணும் விஷயங்களுக்கு கனம் நிதி மந்திரி அவர்கள் விடை பகர்வார்களாக:

(a) விவசாய வருமானவரி ஒவ்வொரு தாலூக்காகளிலும் எத்தனைபேர் கொடுக்கிறார்கள்; என்ன தொகை கொடுக்கிறார்கள்; மொத்தம் என்ன;

(b) சூப்பர் டாக்ஸ் (Super Tax) எத்தனை பேர் எந்தெந்த தாலூக்காகளில், எவ்வளவு செலுத்துகிறார்கள்? (சென்ற வருஷக் கணக்கின்படி கூறவும்)

Home Minister (SHRI A. J. JOHN):

(a) A taluk-war list is not readily available as there is no system of maintaining a list on this basis. Information regarding the agricultural income tax payable by each assessee cannot be divulged as per Section 54 of the Agricultural income tax Act.

A sum of Rs. 1,20,12,969 was collected during 1954–55 by way of agricultural income tax.

(b) A sum of Rs. 30,12,728 was collected during 1954–55 by way of super tax.

In view of the answer to question (a) no further information is available.

സഹകരണ പ്രസ്ഥാനം.

* 1008. [38] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണപ്രസ്ഥാനം വിപുലീകരിക്കുവാൻ കേന്ദ്രഗവണ്മെന്റിൽ നിന്നും എന്തെല്ലാം പദ്ധതികളാണു് നടപ്പിൽ വരുത്തേണ്ടതു

LIBRARY ARCHIVES Kerala Legislative Assembly